# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 489** **27.02.2018-ൽ മറുപടിക്ക്**

## ട്രാൻസ്ഫോർമറുകളുടെ ഇൻഷ്വറൻസ് പരിരക്ഷ

| | ചോദ്യം<br>ശ്രീ. പി.സി. ജോർജ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ജനുവരി 2018 വരെ (6/2011 - 01/2018) കെ. എസ്. ഇ. ബി. ലിമിറ്റഡ് എത്ര കോടി രൂപയുടെ വിവിധ തരത്തിലുള്ള ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുണ്ട്; ഇതിൽ കെ.വി.എ ട്രാൻസ്ഫോർമറുകൾ എത്ര; എം.വി.എ ട്രാൻസ്ഫോർമറുകൾ എത്ര; ഇനംതിരിച്ച് അറിയിക്കാമോ; | (എ) | 6/2011 മുതൽ 1/2018 വരെ 207.16 കോടി രൂപയുടെ 15327 എണ്ണം ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും (കെ.വി.എ.), 124.16 കോടി രൂപയുടെ 145 എണ്ണം പവർ ട്രാൻസ്ഫോർമറുകളും (എം.വി.എ.) വാങ്ങിയിട്ടുണ്ട്. |
| (ബി) | ഏത് കമ്പനികളുടെ ട്രാൻസ്ഫോർമറുകളാണ് കെ. എസ്. ഇ. ബി. ലിമിറ്റഡ് വാങ്ങുന്നത്; ടെണ്ടർ മുഖേനയാണോ വാങ്ങുന്നത്; വിശദമാക്കാമോ | (ബി) | കെ.ഇ.എൽ.-കൊച്ചി, യൂണിപവർ സിസ്റ്റംസ്-കോട്ടയം, ട്രാൻസ്ഫോൺ ഇൻഡസ്ട്രീസ്-ഹൈദ്രബാദ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. കെ.ഇ.എൽ.-കൊച്ചി; ഇ.സി.ഇ. ഇൻഡസ്ട്രീസ് ലിമിറ്റഡ്-ഹൈദ്രബാദ്; അറ്റ് ലാൻറാ ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്- ഗുജറാത്ത്; ടെൽക്-അങ്കമാലി; ബി. എച്ച്. ഇ. എൽ .-ഝാൻസി, വോൾട്ടാമ്പ് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്-ബറോഡ, റിമാ ട്രാൻസ്ഫോർമേഴ്സ് & കൺടക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്-ബാംഗ്ലൂർ, ഇൻഡോടെക് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്-ചെന്നൈ എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് പവർ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. മത്സരസ്വഭാവമുള്ള ദർഘാസുകൾ മുഖേനയാണ് മേൽപറഞ്ഞ ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുള്ളത്. |
| (സി) | ഇതിന്റെ ഗുണനിലവാരം ആരാണ് പരിശോധിക്കുന്നത് ; | (സി) | സി.പി.ആർ.ഐ. യോ ഇന്ത്യാ ഗവൺമെൻറ് അംഗീകരിച്ച എൻ.എ.ബി.എൽ. അക്രെഡിറ്റേഷനോടു കൂടിയ മറ്റു ലാബുകളിലോ ട്രാൻസ്ഫോർമറുകൾ ഗുണനിലവാര പരിശോധന നടത്തിയതിന്റെ തൃപ്തികരമായ റിപ്പോർട്ടുകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ ടെണ്ടറുകൾ മാത്രമാണ് പരിഗണി |

<table>
<tr><td></td><td></td><td></td><td>ക്കുന്നത്. കൂടാതെ നിർമ്മാണത്തിനിടെയും നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷവും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ നേരിട്ട് പോയി ഇന്ത്യൻ സ്റ്റാൻഡേഡ് അനുസരിച്ചുള്ള പരിശോധനകളും ടെസ്റ്റുകളും നടത്തിയതിനു ശേഷം മാത്രമാണ് ട്രാൻസ്ഫോർമറുകൾ സ്വീകരിക്കുന്നത്. സപ്ലൈ കഴിഞ്ഞതിന് ശേഷം ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെ നിലവാരം ബന്ധപ്പെട്ട ടി.എം.ആർ. ഡിവിഷനുകൾ വിലയിരുത്തുന്നുണ്ട്. പവർ ട്രാൻസ്ഫോർമറുകളുടെ സൈറ്റിലുള്ള പരിശോധനകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ടെസ്റ്റിംഗ് വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർ നടത്തുന്നു.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത കാലഘട്ടത്തിൽ വിവിധ ഇനത്തിൽപ്പെട്ട ട്രാൻസ്ഫോർമറുകൾ കത്തിപ്പോയും, മറ്റും ബോർഡിന് എത്ര കോടി രൂപ നഷ്ടം വന്നിട്ടുണ്ടെന്നതിന്റെ കണക്ക് ജില്ല, സെക്ഷൻ, മേജർ സെക്ഷൻ, സർക്കിൾ ഓഫീസ് തിരിച്ച് ട്രാൻസ്ഫോർമറിന്റെ വില സഹിതം വിശദാംശമാക്കാമോ;</td><td>(ഡി)</td><td>ജൂൺ 2011 മുതൽ ജനുവരി 2018 വരെയുള്ള കാലഘട്ടത്തിൽ ബോർഡിൻറെ പ്രസരണ വിഭാഗത്തിൽ ട്രാൻസ്ഫോർമറുകൾ കത്തിപ്പോയും മറ്റും വന്നിട്ടുള്ള നഷ്ടത്തിന്റെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു
<table>
<tr><th>ക്രമ നമ്പർ</th><th>വിശദാംശങ്ങൾ</th><th>ജില്ല/സർക്കിൾ</th><th>നഷ്ടം (രൂപ)</th></tr>
<tr><td>1.</td><td>പള്ളം 220 കെ.വി. സബ്സ്റ്റേഷനിലെ 220/110 കെ.വി. 66.67 എം.വി.എ. ട്രാൻസ്ഫോമർ 2016 ഒക്ടോബർ 27-ാം തീയതി കത്തി നശിച്ചു പ്രസ്തുത ട്രാൻസ്ഫോമർ അതിന്റെ പ്രവർത്തന കാലയളവായ 35 വർഷത്തിനു ശേഷമാണ് കത്തിയത്</td><td>കോട്ടയം/ പൂവൻതുരുത്ത്</td><td>7.92 ലക്ഷം</td></tr>
<tr><td>2.</td><td>മലപ്പുറം 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 12.5 എം.വി.എ 110/33 കെ.വി. ട്രാൻസ്ഫോമർ 2012-ൽ കത്തിപ്പോയി.</td><td>മലപ്പുറം/ മലപ്പുറം</td><td>25 ലക്ഷം</td></tr>
<tr><td>3.</td><td>പാലക്കാട് 220 കെ.വി. സബ്സ്റ്റേഷനിൽ ഒരു 220/110/11 കെ.വി. 53.33 എം.വി.എ സിംഗിൾ ഫേസ് ഓട്ടോ ട്രാൻസ്ഫോമർ കത്തി നശിച്ചു. അത് പ്രവർത്തന കാലാവധി പൂർത്തിയാക്കിയിട്ടുള്ളതാണ്</td><td>പാലക്കാട്/ പാലക്കാട്</td><td>44.31 ലക്ഷം</td></tr>
<tr><td>4.</td><td>മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിൽ ഒരു 400/220 കെ.വി. 105</td><td>തൃശ്ശൂർ/ തൃശ്ശൂർ</td><td>2.25 കോടി</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | എം.വി.എ. ട്രാൻസ്ഫോമർ കത്തിപ്പോയി. | | |
| 5. | കൊടകര 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 110/ 11 കെ.വി. 12.5 എം. വി.എ ട്രാൻസ്ഫോമർ 21.12.2017-ൽ കത്തിപ്പോയി. | തൃശ്ശൂർ/ തൃശ്ശൂർ | 1.75 കോടി. |

| | | | |
|---|---|---|---|
| (ഇ) | ഉപയോഗത്തിലിരിക്കെ കത്തിപ്പോകുന്ന ട്രാൻസ്ഫോർമറുകൾക്ക് കെ. എസ്. ഇ. ബി -യ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് കമ്പനി മുഖാന്തിരമാണ് ട്രാൻസ്ഫോർമറുകൾ ഇൻഷ്വർ ചെയ്തിരിയ്ക്കുന്നതെന്നും, നാളിതു വരെ (6/2011 - 01/2018) എത്ര കോടി ഇൻഷ്വറൻസ് തുക കിട്ടിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഇ) | ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ നയപ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെയുള്ള ചില ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ട്. 6/2011 മുതൽ 12/2017 വരെ 0.65 കോടി രൂപ ഇൻഷ്വറൻസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്.<br>ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച വരുന്നു. |

Kunalillo

സെക്ഷൻ ഓഫീസർ